# SWAMI NITHYANANDA POLYTECHNIC COLLEGE
സ്വാമി നിത്യാനന്ദ പോളിടെക്നിക്ക് കോളേജ്
(A Govt. Aided Polytechnic under the Directorate of Tech. Education, Kerala)

KANHANGAD - 671 315
KASARAGOD DIST.,
KERALA

Phone: 0467-2203110 (Off)
Ph. & Fax: 0467-2204777
Email: snpolytechnic@yahoo.co.in
Website: www.snpolytechnic.ac.in


Ref. No.

Date 25.07.2025

## ഡിപ്ലോമ ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ

കാഞ്ഞങ്ങാട് സ്വാമി നിത്യാനന്ദ പോളിടെക്നിക്ക് കോളേജിൽ 2025-26 വർഷം മെറിറ്റ് വിഭാഗത്തിൽ ഒഴിവുള്ള ഡിപ്ലോമ ലാറ്ററൽ എൻട്രി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 29.07.2025 ന് (ചൊവ്വാഴ്ച്ച) കോളേജിൽ വെച്ച് നടക്കും. നിലവിൽ അപേക്ഷ സമർപ്പിച്ചവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നവർ അന്നെ ദിവസം രാവിലെ 10.00 മണിക്ക് മുമ്പായി ഈ സ്ഥാപനത്തിൽ വന്ന് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നവർ എല്ലാ ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ചവർക്ക് ബ്രാഞ്ച് മാറ്റമോ സ്ഥാപന മാറ്റമോ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ രജിസ്ട്രേഷൻ സമയത്ത് അഡ്മിഷൻ സ്ലിപ്പോ ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ 1000/- രൂപയും വാർഷിക വരുമാനം 100000/- വരെയുള്ളവർ 11000/- രൂപ വരെയും അല്ലാത്തവർ 14215/- രൂപയും ഫീസായി കരുതണം. യൂപിഐ മുഖേനയാണ് ഫീസ് അടയ്ക്കേണ്ടത്. കൂടാതെ പി.ടി.എ ഫണ്ടായി 2730/- രൂപയും കൈവശം ഉണ്ടായിരിക്കേണ്ടതാണ്. മറ്റു ജില്ലകളിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നവർ പ്രോക്സിയോടൊപ്പം സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് 0467-2203110, 9497606964, 9895721756 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. നിലവിലുള്ള ഒഴിവുകളുടെ വിശദ വിവരങ്ങൾ polyadmission.org/let എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

SWAMI NITHYANANDA POLYTECHNIC COLLEGE KANHANGAD PIN: 671 315

PRINCIPAL
SWAMI NITHYANANDA POLYTECHNIC COLLEGE
KANHANGAD-671315, KASARAGOD DT.